പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2559 — 14.12.2015 - ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി കാസർഗോഡ് ജില്ലയിൽ

ചോദ്യം — ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആശ്വാസകിരണം പദ്ധതി പ്രകാരം ഓട്ടിസം ബാധിച്ചിട്ടുള്ള എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും പ്രസ്തുത ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ; | (എ) യും (ബി) യും | ഒരു പരിചാരകന്റെ സഹായം ആവശ്യമായവിധം കിടപ്പിലായവരെയും 100% അന്ധത ബാധിച്ചവരെയും, ഓട്ടിസം സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ബുദ്ധിവൈകല്യം എന്നിവ ബാധിച്ചവരെയും പരിചരിക്കുന്നവർക്കാണ് ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം രോഗികൾക്ക് ധനസഹായം അനുവദിക്കുന്നില്ല. ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കളിൽ ഓട്ടിസം ബാധിച്ചവരെ പരിചരിക്കുന്നവരുടെ എണ്ണം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. ആശ്വാസ കിരണം പദ്ധതി പ്രകാരം രോഗിയെ പരിചരിക്കുന്ന വ്യക്തിക്ക് പ്രതിമാസം 525/- രൂപ ധനസഹായം അനുവദിക്കുന്നു.<br>പരിചരിക്കപ്പെടുന്നവർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആശ്രയ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നവരോ, ബി.പി.എൽ പട്ടികയിൽപ്പെട്ട കുടുംബത്തിലുള്ളവരോ ആയിരിക്കണം. ആശ്രയ/ബി.പി.എൽ പട്ടികയിൽപ്പെടാത്തവരാണെങ്കിൽ അവരുടെ വാർഷിക കുടുംബവരുമാനം ഗ്രാമപ്രദേശത്തിലുള്ളവർക്ക് 20,000/- രൂപയിലും നഗരപ്രദേശത്തിലുള്ളവർക്ക് 22,375/- രൂപയിലും അധികരിക്കരുത്. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം ബാധിച്ചവർ എന്നിവരെ വരുമാനപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്നും കുടിശ്ശിക എന്നു മുതൽ വിതരണം ചെയ്യുമെന്നും അറിയിക്കുമോ ? | (സി) | ഉണ്ട്. അപേക്ഷകളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവു മൂലവും മിഷനിലെ ജോലി കൂടുതൽ മൂലവുമാണ് കുടിശ്ശിക വന്നിട്ടുള്ളത്. ആയത് സമയബന്ധിതമായി കഴിവതും വേഗം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ